# “കൈകോർക്കാം കരുതലോടെ

## കാവലായ് **കുടുംബശ്രീ**”

**വർക്കല സിഡിഎസ്**


ചെയർപേഴ്സൺ : **ശ്രീജ**

**6282954244**

ബ്ലോക്ക് കോഓർഡിനേറ്റർ : **അനു ജെ കെ**

**9567565086**

# ആമുഖം

അനേകായിരം പ്രതിസന്ധികൾ നേരിട്ട  നമ്മുടെ കൊച്ചു കേരളം, സുനാമി,പ്രളയം പോലുള്ള വിപത്തുകൾ തരണം ചെയ്ത നാടാണ് .ഈ വിപത്തുകൾക്കെതിരെ പിടിച്ചു നിന്നതു നമ്മുടെ ഓരോരുടത്തുരുടെയും പ്രയത്നമാണ്. ഇതിൽ നിന്നെല്ലാം തരണം ചെയ്തു വന്നപ്പോഴാണ് പുതിയ ഒരു ദുരന്തം കോവിഡിന്റെ രൂപത്തിൽ വന്നത് . അത് പക്ഷെ നമ്മുടെ ഈ നാടിനെ മാത്രമല്ല ലോകത്താകമാനം പിടിച്ചു കുലുക്കി.

ഈ കൊച്ചു കേരളത്തെ ഈ ദുരിതത്തിൽ നിന്നും കര കയറ്റുവാൻ പ്രയത്നിച്ചവരുടെ കൂട്ടത്തിൽ നമ്മുടെ കുടുംബശ്രീ പ്രവർത്തകരുടെ പങ്കു വളരെ വലുതാണ്. പെട്ടന്നുണ്ടായ ലോക്കഡോൺ കാലത്തു ഭക്ഷണം എത്തിക്കുവാനും ദുരിതത്തിലായവരെ സംരക്ഷിക്കുവാനും നമ്മുടെ ഈ കുടുംബശ്രീ പ്രവർത്തകർ ഒപ്പമുണ്ടായിരുന്നു.



## സംഘടനാ സംവിധാനം

ലോക്കഡോൺ പശ്ചാത്തലത്തിൽ കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി വാട്സ് അപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ഇതുവഴി നിർദ്ദേശങ്ങളും വിവരങ്ങളും താഴെ തട്ടിൽ എത്തിക്കുവാനും ,ജില്ലാ മിഷനിൽ നിന്നുള്ള കുറിപ്പുകൾ നൽകുകയും അത് അയൽക്കൂട്ടങ്ങളിൽ വായിക്കുകയും കോവിഡിനെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുകയും ചെയ്തു.

വർക്കല നഗരസഭാ പരിധിയിൽ വരുന്ന പ്രധാന ഇടങ്ങളിലെല്ലാം തന്നെ വെള്ളവും, ഹാൻഡ് വാഷും വ□ുകയും ബ്രേക്ക് ദി ചെയിൻ അഥവാ കണ്ണികൾ മുറിക്കാം എന്ന ആശയം നടപ്പാക്കുകയും ചെയ്തു. നിർധരരും നിലാരംബരുമായ വയോജനങ്ങളെ സിഡിഎസ നിർദ്ദേശ പ്രകാരം ആശാവർക്കർമാർ ചെന്ന് കാണുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു.






## മൈക്രോഫിനാൻസ്

ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണുകൊണ്ടിരിക്കുന്നു ജനങ്ങൾക്ക് ഒരാശ്വാസമായി മുഖ്യ മന്ത്രിയുടെ സഹായത്തെ ഹസ്ത വായ്പ നിലവിൽ വന്നത്. ആകെ 295 അയൽക്കൂട്ടങ്ങളിലായി 5245 അംഗങ്ങളാണ് ഉള്ളത് .അതിൽ 119 അയൽക്കൂട്ടങ്ങളിലായി 1505 അംഗങ്ങൾ ഈ വായ്പ്പാക്കു അര്ഹരായിട്ടുള്ളത്. നിലവിൽ 62 അയൽക്കൂട്ടങ്ങൾക്കു 6765000 രൂപ ലഭിച്ചു.



## മൈക്രോ എന്റർപ്രൈസസ്

മനുഷ്യ ശരീരത്തിൽ ഇപ്പോൾ ഒഴിച്ച് മാറ്റാനാവാത്ത ഒരു അഭിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ് മാസ്ക്. കോവിടിന്റെ ആദ്യ നാളുകളിൽ മാസ്കിനെ ഏറെ ക്ഷാമം വന്ന അവസ്ഥയിൽ എം ഇ യൂണിറ്റിലെ അംഗങ്ങളെല്ലാം ചേർന്ന് 20000 ത്തോളം മാസ്ക് നിർമ്മിച്ച് നൽകുകയും ഇപ്പോഴും അതിന്റെ പ്രവർത്തനം തുടരുകയും ചെയ്യുന്നു. പെട്ടന്നുണ്ടായ ലോക്കഡോൺ കാരണം ഭക്ഷണത്തിനു ക്ഷാമം നേരിടേണ്ടി വന്ന ജനതയക്കു മുന്നിൽ കുടുംബശ്രീ പ്രവർത്തകർ 2 കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയും 2 മാസത്തോളം ഈ രണ്ടു കമ്മ്യൂണിറ്റി കിച്ചനും നല്ലരീതിയിൽ പ്രവർത്തിക്കുകയും സി ഡി എസിന്റെ കീഴിലുള്ള 'അഗതിരഹിത കേരളം 'പദ്ധതിയിലുള്ള ഗുണഭോക്താക്കൾക്കും സി ഡി എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 വയോജന അയൽക്കൂട്ടത്തിലെ അംഗങ്ങൾക്ക്നിരവധി നിർധാരരായ ആൾക്കാർക്കും ആഹാരം എത്തിച്ചു നൽകുവാൻ സാധിച്ചു.







**എം കെ എസ്പി**

വർക്കല നഗരസഭയിലെ 300 അയൽക്കൂട്ട അംഗങ്ങളുടെ വീടുകളിൽ പച്ചക്കറി കൃഷി തുടങ്ങുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണം എ ഡി എസ്,സി ഡി എസ് തലങ്ങളിൽ അയൽക്കൂട്ടങ്ങൾക്കു നൽകുകയും. കൃത്യമായി പാചക്കാരി വിത്തുകൾ കൃഷിഭവനിൽ നിന്നും എത്തിച്ചു നൽകി പച്ചക്കറി കൃഷി തുടങ്ങുവാൻ അവരെ സഹായിച്ചു.



**നിർദ്ദേശങ്ങൾ**

1 മെഡിക്കൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസുകൾ മാസ്ക്,ഷീൽഡ് എന്നിവയുടെ നിർമ്മാണം വിപുലീകരിക്കുക അതിനുവേണ്ടിയുള്ള ചെറു സംരംഭങ്ങൾ ആരംഭിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തു കൊടുക്കുക.

2 എല്ലാ വീടുകളിലും സ്വന്തമായി ഒരു പച്ചക്കറി തോട്ടം തുടങ്ങുകയും അതിനുവേണ്ട സഹായം പഞ്ചായത്തിന്റെയും കൃഷി ഭവാന്റെയും സഹായത്തോടുകൂടി നടപ്പാക്കുക .

**നന്ദി**